# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3230

3-4-2013-ൽ മറുപടിക്ക്

## വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ; | (എ) 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ 9-ാം ചട്ടം പ്രകാരമാണ് പഞ്ചായത്തുകളിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ടി ചട്ടങ്ങളിലെ ചട്ടം 9 (1) പ്രകാരം വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾ 1-ാം നമ്പർ ഫാറത്തിൽ ഒരു മെമ്മോറാണ്ടം തയ്യാറാക്കി മൂന്ന് സെറ്റ് ഫോട്ടോ സഹിതം തദ്ദേശ രജിസ്ട്രാർക്ക് അവരുടെ വിവാഹം നടന്ന തീയതി മുതൽ 45 ദിവസ കാലയളവിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. മെമ്മോറാണ്ടത്തിൽ വിവാഹത്തിൽ ഏർപ്പെടുന്ന ഇരുകക്ഷികളും സാക്ഷ്യം വഹിച്ച മറ്റ് രണ്ടാളുകളും ഒപ്പ് വയ്ക്കേണ്ടതാണ്. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസായി നൂറ് (100/-) രൂപ നൽകേണ്ടതാണ്. ചട്ടം 11 പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾ തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഒരു പ്രാവശ്യമെങ്കിലും |

നേരിട്ട് ഹാജരാകേണ്ടതും വിവാഹ (പൊതു) രജിസ്റ്ററിൽ ഈ ആവശ്യത്തിലേയ്ക്കായി നൽകിയിട്ടുള്ള സ്ഥലത്ത് അവരുടെ ഒപ്പ് വയ്ക്കേണ്ടതുമാണ്. മെമ്മോറാണ്ടം സമർപ്പിക്കുന്ന ദിവസം തന്നെ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണ്. വിവാഹം രജിസ്റ്റർ ചെയ്തതിന് തെളിവായി വിവാഹ സാക്ഷ്യപത്രം 20 രൂപ ഫീസ് നൽകുന്നതിന്മേൽ ഈ ചട്ടങ്ങൾക്കനുബന്ധമായുള്ള IV നമ്പർ ഫാറത്തിൽ കഴിയുന്നതും രജിസ്റ്റർ ചെയ്ത ദിവസം തന്നെയും എന്നാൽ മൂന്നു പ്രവർത്തി ദിവസങ്ങൾ കഴിയുന്നതിന് മുമ്പായും ലഭിക്കുന്നതാണ്.

(ബി) മുസ്ലീം വ്യക്തിനിയമങ്ങൾ അനുസരിച്ച് മഹല്ലുകളിൽ രജിസ്റ്റർ ചെയ്യുന്ന വിവാഹങ്ങൾ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും നിയമ തടസ്സങ്ങളുണ്ടോ ; വ്യക്തമാക്കുമോ;

(ബി) മുസ്ലീം വ്യക്തി നിയമങ്ങൾ അനുസരിച്ച് മഹല്ലുകളിൽ രജിസ്റ്റർ ചെയ്യുന്ന വിവാഹങ്ങൾ 2008-ലെ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും നിയമതടസ്സമില്ല.

(സി) അത്തരം വിവാഹങ്ങൾക്ക് മഹല്ലുകൾ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റുകൾക്ക് നിയമ സാധുതയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നിയമ പരിരക്ഷ ഉറപ്പുവരുത്തുമോ ?

(സി) & (ഡി) മഹല്ലുകൾ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റുകൾ 2008 ചട്ടങ്ങളിലെ 9 (3) ചട്ടപ്രകാരം വിവാഹം നടന്നത് തെളിയിക്കുന്നതിനുള്ള ഒരു രേഖയായി കരുതുന്നതാണ്.

സെക്ഷൻ ഓഫീസർ